(ബി) കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ എന്തായിരിക്കുമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ആക്ട്, 2003 ജീവനക്കാർക്ക് നൽകുന്ന എല്ലാ പരിരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടാണ് 31-10-2013-ലെ റീവെസ്റ്റിംഗ് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ ഒട്ടും കുറവുവരാതെ അവ സംരക്ഷിക്കണമെന്ന വൈദ്യുതി നിയമത്തിലെ 133, 134 വകുപ്പുകളിലെ നിർദ്ദേശങ്ങളനുസരിച്ചാണ് കൈമാറ്റപദ്ധതിയിലെ വ്യവസ്ഥകളും തയ്യാറാക്കിയിട്ടുള്ളത്. കെ.എസ്.ആർ., കെ.എസ്.എസ്.ആർ. ഉൾപ്പെടെയുള്ള സർവ്വീസ് ചട്ടങ്ങൾ കൈമാറ്റപദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിയിലും ബാധകമായിരിക്കും.

(ബി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ കമ്പനിയിലും തുടരുന്നതാണ്. എന്നാൽ സർക്കാരിന്റെ അനുമതിയോടുകൂടി വൈദ്യുതി നിയമത്തിലെയും രണ്ടാം കൈമാറ്റ പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതിനും പുതിയ റെഗുലേഷനുകളിറക്കുന്നതിനും കൈമാറ്റ പദ്ധതിയിൽ കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മസ്ദൂർ തസ്തികയിലെ നിയമനങ്ങൾ

54 (6505) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി വകുപ്പിൽ ആകെ എത്ര മസ്ദൂർ തസ്തികകളാണുള്ളത് ; അവയിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതതസ്തികയുടെ എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇനിയും റിപ്പോർട്ടുചെയ്യാനായി എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 478 മസ്ദൂർ തസ്തികകളുണ്ട്, 477 ജീവനക്കാരുണ്ട്.

(ബി) എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യാനായി ഒഴിവുകളില്ല.

ലൈൻമാൻമാരുടെ എണ്ണവും ചുമതലകളും

55 (6506) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലും ശരാശരി എത്ര ലൈൻമാൻമാരുടെ തസ്തികകളാണുള്ളതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly